കൊടുവള്ളിയിൽ അളവുതൂക്ക ഇൻസ്പെക്ടറുടെ ആഫീസ് ആരംഭിക്കുന്നതിന് നടപടി

132 (146) ശ്രീ. പി. ടി. എ. റഹീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുവള്ളിയിൽ ഒരു അളവുതൂക്ക ഇൻസ്പെക്ടറുടെ ആഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ ;

(ബി) കോഴിക്കോട് പ്രവർത്തിക്കുന്ന അഞ്ച് യൂണിറ്റുകളിലൊന്ന് കൊടുവള്ളിയിലേക്ക് മാറ്റുന്നത് വ്യാപാരികൾക്കും ജനങ്ങൾക്കും ഏറെ സൗകര്യപ്രദമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ഓഫീസ് കൊടുവള്ളിയിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ?

ഉത്തരം

(എ-സി) ഉണ്ട്. ഈ ആവശ്യം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പ് കൺട്രോളറോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്തെ ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ആവിഷ്ക്കരിക്കുന്ന പുതിയ പദ്ധതികൾ

133 (147) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എ. പി. അനിൽ കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദേശ രാജ്യങ്ങളുടേയും പ്രസ്തുതരംഗത്ത് പ്രവർത്തിക്കുന്ന വൻകിട ക്ഷീര വ്യവസായ സ്ഥാപനങ്ങളുടേയും സഹകരണത്തോടെ എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് ;

(ബി) ഇതിനായി ഏതൊക്കെ വിദേശരാജ്യങ്ങളുമായി സർക്കാർ കരാറിൽ ഏർപ്പെട്ടിട്ടുണ്ട് ; ഇതിന്റെ ഭാഗമായി എന്തൊക്കെ കാര്യങ്ങളിൽ ധാരണയായിട്ടുണ്ട് എന്നറിയിക്കുമോ ;

(സി) കന്നുകാലികളുടെ വർഗ്ഗോദ്ധാരണംവഴി കൂടുതൽ മെച്ചപ്പെട്ട പാലുൽപ്പാദനം കൈവരിക്കുന്നതിന് എന്തൊക്കെ കരാറുകൾക്കാണ് രൂപം നല്കിയിരിക്കുന്നത് ;

(ഡി) സംസ്ഥാനത്ത് മാംസോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഈ പദ്ധതിയിൻകീഴിൽ എന്തൊക്കെ ധാരണകളുണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേന്ദ്രസർക്കാർ ഫ്രാൻസുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള ധാരണയിലെത്തിയിട്ടുണ്ട്. അതിന്റെ പൈലറ്റ് പ്രോജക്ടാണ് കേരളത്തിൽ നടപ്പിലാക്കുന്നത്. കെ.എൽ.ഡി. ബോർഡ് ഫ്രാൻസിലെ മൊബിലിയാർഡ് പശുക്കളെ വളർത്തുന്ന കർഷകരുടെ സഹകരണ സംഘമായ കോപ്പെക്സുമായി ധാരണയിലെത്തിയിട്ടുണ്ട്.

(ബി) കെ.എൽ.ഡി. ബോർഡ് ഫ്രാൻസിലെ മൊബിലിയാർഡ് പശുക്കളെ വളർത്തുന്ന കർഷകരുടെ സഹകരണ സംഘമായ കോപ്പെക്സുമായി ധാരണയിലെത്തിയിട്ടുണ്ട്. ഇതിൻപ്രകാരം ഫ്രഞ്ച് ജനുസ്സായ മൊബിലിയാർഡ് ഇനത്തിന്റെ ഗാഢശീതീകരിച്ച 2000 ബീജമാത്രകളും 50 ഭ്രൂണവും സംസ്ഥാനത്തേക്ക് ഇറക്കുമതി ചെയ്യുന്നതാണ്. കൂടാതെ പ്രോജനി ടെസ്റ്റിംഗ്, എംബ്രിയോ ട്രാൻസ്ഫർ, ന്യൂട്രീഷ്യൻ, ജീനോം സെലക്ഷൻ, എന്നിവയിൽ സാങ്കേതിക സഹകരണവും പരിശീലനവും, ഗവേഷണവും നടത്തുന്നതുമാണ്. മൊബിലിയാർഡ് ഇനം കേരളത്തിലെ പരിതസ്ഥിതിക്ക് അനുയോജ്യമാണോ എന്നതും ഗവേഷണവിധേയമാക്കുന്നതാണ്. ഗവേഷണഫലത്തിന്റെ അടിസ്ഥാനത്തിലായിരിക്കും തുടർനടപടികൾ സ്വീകരിക്കുക.

(സി) പ്രോജനി ടെസ്റ്റിംഗ്, എംബ്രിയോ ട്രാൻസ്ഫർ, ജീനോം സെലക്ഷൻ എന്നിവയിൽ നടത്തുന്ന ഗവേഷണവും, വിദഗ്ദ്ധ പരിശീലനവും ഉപയോഗപ്പെടുത്തി കന്നുകാലികളുടെ വർഗ്ഗോദ്ധാരണം നടത്തി പാലുൽപ്പാദനം വർദ്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ധാരണകളൊന്നും ഉണ്ടായിട്ടില്ല.

ക്ഷീരവികസനവകുപ്പ് മുഖേന ലഭ്യമാക്കുന്ന പദ്ധതികൾ

134 (148) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരവികസന വകുപ്പുവഴി നിലവിൽ ലഭ്യമാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ് ;

(ബി) പദ്ധതി ആസൂത്രണത്തിലൂടെ ഇതിന് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ചെലവായ തുക എത്ര ;

(സി) എത്ര ക്ഷീരകർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത കണക്ക് ജില്ലതിരിച്ച് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly